# തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(ഹാജർ : എ.മെഹർനിസ )**

നം:ഇഎ1/822/2014.

തീയതി : 29.05.2015.

വിഷയം:-വ്യവസായം-ജീവനക്കാര്യം-സബോർഡിനേറ്റ് സർവ്വീസിലുൾപ്പെടെയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തിക മാറ്റം വഴി സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു:

സൂചന:-1. സ.ഉ.(പി). നം:1/2014/ഉ.ഭ.പ.വ തീയതി:03.01.2014.
2. കൊല്ലം കയർ പ്രോജക്ട് ആഫീസറുടെ 29.05.2015 തീയതിയിലെ എ1/2835/12 നമ്പർ നടപടിക്രമം.

പരാമർശിത ഉത്തരവു പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ ക്ലാർക്ക് / ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജിവനക്കാർ ഉൾപ്പെടെ) തസ്തിക മാറ്റം വഴി യോഗ്യതയുടെയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

പരാമർശം(2) അനുസരിച്ച് കൊല്ലം കയർ പ്രോജക്ട് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി.മായ.ബി.ഹെൻറി 15.05.2015 മുതൽ 12.08.2015 വരെ അർദ്ധ വേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ ഒഴിവിൽ കൊല്ലം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ (സബോർഡിനേറ്റ് സർവ്വീസിലുൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ ഉൾപ്പെടെ) ഒന്നാമതായിട്ടുള്ള കൊല്ലം കയർ പ്രോജക്ട് ഓഫീസിലെ ഡ്രൈവർ ശ്രീ.പി.സത്യപാലന് സർവ്വീസ് സീനിയോറിറ്റി യുടേയും വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

## ഉ ത്ത ര വ്

മേൽ സാഹചര്യത്തിൽ കൊല്ലം കയർ പ്രോജക്ട് ഓഫീസിലെ ഡ്രൈവർ ശ്രീ.പി.സത്യപാലന് ₹ 9940-16580/- രൂപ ശമ്പള നിരക്കിൽ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. ടിയാനെ കൊല്ലം കയർ പ്രൊജക്ട് ഓഫീസിൽ നിയമിച്ചിരിക്കുന്നു.

നിയന്ത്രണാധികാരി ശ്രീ.പി.സത്യപാലനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ആയത് സംബന്ധിച്ച വിവരം അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

സ്വീകർത്താവ്: ശ്രീ.പി.സത്യപാലൻ, ഡ്രൈവർ, പ്രോജക്ട് ഓഫീസ് (കയർ), കൊല്ലം.
(നിയന്ത്രണാധികാരി മുഖേന)

പകർപ്പ്: 1. പ്രൊജക്ട് ഓഫീസർ (കയർ), പ്രൊജക്ട് ഓഫീസ്, കൊല്ലം.
2. ഇ.ഇ സെക്ഷൻ.
3. സൂക്ഷിപ്പ് ഫയൽ /അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്.

SRV.CV .29.05.2015